70 (2380) കൃഷ്ണൻകുട്ടി കൊലചെയ്യപ്പെട്ട സംഭവം

<u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പത്തനാപുരം താലൂക്കിൽ പട്ടാഴിയിൽ പാറ വിള വീട്ടിൽ പട്ടികജാതി സമുദായത്തിൽപ്പെട്ട രാമന്റെ മകൻ കൃഷ്ണൻകുട്ടി 8-1-99-ൽ കൊലചെയ്യപ്പെട്ടതിന്റെ അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഈ കേസ്സിന്റെ അന്വേഷണം മന്ദഗതിയിലാണെന്ന് ആരോപിച്ചുകൊണ്ട് മരണപ്പെട്ട കൃഷ്ണൻകുട്ടിയുടെ പിതാവിൽനിന്നും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഈ കേസ്സുമായി ബന്ധപ്പെട്ട് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ഡി) ഈ കേസ്സിന്റെ അന്വേഷണം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇത് സംബന്ധിച്ച് പത്തനാപുരം പോലീസ് സ്റ്റേഷനിൽ ക്രൈം 12/99 യു/എസ്. 174 സി.ആർ.പി.സി. പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിന്റെ അന്വേഷണം 7-3-2000-ത്തിൽ ക്രൈംബ്രാഞ്ച് ഏറ്റെടുത്ത് നടത്തിവരുന്നു.

(ബി)&(സി) ഇല്ല.

(ഡി) ഊർജ്ജിത അന്വേഷണം നടന്നുവരുന്നു.

71 (2381) കൊയ്പ്പള്ളിത്തറയിൽ കെ. രാധാകൃഷ്ണന്റെ വീട് തകർത്ത സംഭവം

<u>ശ്രീ. എം. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ഭരണിക്കാവ്, പള്ളിക്കൽ നടുവിലെ മുറി, കൊയ്പ്പള്ളിത്തറയിൽ വീട്ടിൽ കെ. രാധാകൃഷ്ണൻ എന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടയാളിന്റെ വീടിന് കേടുപാടുകൾ ഉണ്ടാക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്ത സംഭവത്തിൽ 2000 ഫെബ്രുവരി 15-ാം തീയതി കുറത്തികാട് പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയിൻമേൽ എന്തുനടപടി സ്വീകരിച്ചു;

(ബി) ഈ കേസ്സിലെ പ്രതികൾ ആരെല്ലാമാണ്; ഇവരെ അറസ്റ്റുചെയ്തിട്ടുണ്ടോ;

(സി) പട്ടികജാതിക്കാരുടെ വീടിനുനേരെ നടത്തിയ ആക്രമണത്തിനെതിരെ നൽകിയ പരാതിയിൻമേൽ പോലീസ് നടപടികൾ താമസിപ്പിക്കുന്നതിനെതിരെ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കൊയ്പ്പള്ളിത്തറയിൽ വീട്ടിൽ ശ്രീ. കെ രാധാകൃഷ്ണൻ 16-2-2000-ത്തിൽ രാജീവ് കോളനിയിൽ വിഷ്ണു ഭവനത്തിലെ രാധാകൃ

LIBRARY ARCHIVES Kerala Legislative Assembly

ഷ്ണൻ ടി കോളനിയിൽ രാഹുൽ ഭവനത്തിലെ രാധാകൃഷ്ണൻ എന്നിവർക്കെതിരെ ഒരു പരാതി മാവേലിക്കര പോലീസ് സി.ഐ.യ്ക്ക് നൽകിയിരുന്നു. അന്വേഷണം നടത്തി പരാതിക്കാരൻ സ്വയം വീടിനു നാശനഷ്ടമുണ്ടാക്കിയെന്ന് വെളിവായിട്ടുണ്ട്.

(ബി)&(സി) പരാതിയിലെ ആരോപണം സത്യമല്ലാതിരുന്നതിനാൽ മറ്റു നടപടികൾ സ്വീകരിച്ചിട്ടില്ല.

72 (2382) കെ. കുഞ്ഞുകുട്ടി സമർപ്പിച്ച പരാതി

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ഭരണിക്കാവ്, പള്ളിക്കൽ നടുവിലെമുറി കൊയ്പ്പള്ളിത്തറയിൽ കെ. കുഞ്ഞുകുട്ടി തന്റെ കുടുംബാംഗങ്ങൾക്കെതിരായ പീഡനത്തിനും കള്ളക്കേസ്സുകൾക്കും എതിരെ അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ചിട്ടുള്ള പരാതിയിൻമേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) പ്രതികൾക്കെതിരെ പട്ടികജാതി പീഡനനിരോധന നിയമപ്രകാരം കേസ്സെടുത്ത് ശിക്ഷാ നടപടികൾ സ്വീകരിക്കണമെന്ന അപേക്ഷയിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) കൊയ്പ്പള്ളിത്തറയിൽ കുഞ്ഞുകുട്ടി ജില്ലാ കളക്ടർ മുഖേന നൽകിയ പരാതി ആലപ്പുഴ ജില്ലാപോലീസ് സൂപ്രണ്ടിന് ലഭിച്ചിട്ടുള്ളതും ആയത് ചെങ്ങന്നൂർ ഡിവൈ.എസ്.പി.ക്ക് അന്വേഷണത്തിനും റിപ്പോർട്ടിനുമായി അയയ്ക്കുകയും, പരാതി മാവേലിക്കര പോലീസ് സർക്കിൾ ഇൻസ്പെക്ടർ അന്വേഷണം നടത്തിയതിൽ പരാതിയിലെ സംഗതി കളവാണെന്ന് വെളിവായിട്ടുള്ളതുമാണ്. അന്വേഷണ റിപ്പോർട്ട് പരാതിയോടൊപ്പം ജില്ലാ കളക്ടർക്ക് 10-3-2000-ത്തിൽ അയച്ചിട്ടുള്ളതുമാണ്. ഇതുകൂടാതെ ടി കുഞ്ഞുകുട്ടി പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ നൽകിയ പരാതി ആലപ്പുഴ ജില്ലാ പോലീസ് സൂപ്രണ്ടിനു അയച്ചുകൊടുത്തത് ആലപ്പുഴ ക്രൈം ഡിറ്റാച്ചുമെന്റ് ഡിവൈ.എസ്.പി.ക്ക് അന്വേഷണത്തിനായി കൈമാറിയിട്ടുള്ളതും 21-2-2000-ത്തിൽ ഇരു കക്ഷികളേയും ക്രൈം ഡിറ്റാച്ചുമെന്റ് ഓഫീസിൽ വിളിച്ചുവരുത്തി പ്രശ്നപരിഹാരം കണ്ട് മേലിൽ യാതൊരു പ്രശ്നങ്ങളുണ്ടാക്കരുതെന്ന് താക്കീതു ചെയ്ത് വിട്ടയച്ചിട്ടുള്ളതുമാണ്.

73 (2383) വിനോദിന്റെ മരണം സി.ബി.ഐ. അന്വേഷിക്കണമെന്ന ആവശ്യം

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ കൽപ്പറ്റ മുനിസിപ്പാലിറ്റിയിൽ എടഗുനി വിനോദിന്റെ മരണം കൊലപാതകമാണെന്നും സംസ്ഥാന പോലീസിന്റെ അന്വേഷണം തൃപ്തികരമല്ലാത്തതിനാൽ സി.ബി.ഐ.യെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നുമുള്ള ആവശ്യത്തിൻമേൽ ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly